25802085 (Pages : 3) Reg. No.................................

Name.....................................

# FIVE YEAR B.A., LL.B./B.Com., LL.B. (HONOURS) DEGREE EXAMINATION MAY 2025

## Fifth Semester

FM 2—Additional Language

Paper II—MALAYALAM

(2022 Admissions—Regular/2018 to 2021 Admissions—Supplementary)

Time : Three Hours Maximum : 75 Marks

### എ വിഭാഗം

I. സംഘം എന്നറിയപ്പെടുന്നത് പണ്ഡിതൻമാരുടെ ഒരു കൂട്ടായ്മയാണ്. ഇത് ആക്കാദമിയെന്നോ, പരിഷത്ത് എന്നോ ഒക്കെ പറയുന്നതുപോലെ എഴുത്തു കാരുടെയും പണ്ഡിതൻമാരുടെയും ഒരു കാട്ടായ്മ. അതിലെ അംഗങ്ങൾ രചിച്ചതോ, അതിലെ അംഗങ്ങളുടെ അംഗീകാരം ലഭിച്ചതോ ആയ കൃതികളാണ് സംഘംകൃതികൾ. എ.ഡി. 9-ാം നൂറ്റാണ്ടിൽ 'ഇറൈനാർ അകപ്പൊരുൾ' എന്ന സാഹിത്യഗ്രന്ഥത്തിന് നക്കീരൻ എഴുതിയ വ്യാഖ്യാനത്തിൽ നിന്നാണ് സംഘത്തെപ്പറ്റി ഉള്ള വിശദവിവരങ്ങൾ കിട്ടുന്നത്. മുതൽസംഘം, ഇടൈ സംഘം, കടൈ സംഘം എന്ന് മൂന്നു സംഘങ്ങൾ ഉണ്ടായിരുന്നു. ആദ്യസംഘത്തിന്റെ ആസ്ഥാനം പിന്നീട് കടലെടുത്തുപോയ തെന്മധുര ആണ് എന്നൂഹിക്കുന്നു. പിരിചടൈ കടവുൾ (ശിവൻ) മുരുകവേൾ (സുബ്രഹ്മണ്യൻ) നിധിയിൻ കിഴാർ (കുബേരൻ) എന്നിവർ ഇതിലെ അംഗങ്ങളായിരുന്നു എന്നും ഇക്കാലത്താണ് 'അകത്തിയം' വിരചിതമായത് എന്നും ആണ് കഥ. തുടർന്ന് ഇടൈ സംഘം നിലവിൽവന്നു. ആസ്ഥാനം കവാടപുരം. മുപ്പത്തിയാറു കൃതികളെ സാമാന്യമായി മൂന്ന് വിഭാഗത്തിൽ പെടുത്തുന്നു. അവ എട്ടുത്തൊകൈ, പത്തുപാട്ട് , പതിനെൺ കീഴ്ക്കണക്ക് എന്നിവയാണ്. എട്ടുത്തൊകൈയിൽ പെട്ട കൃതികൾ നറ്റിണൈ, കുറുന്തൊകൈ, ഐങ്കുറുനൂറ്, പതിറ്റുപ്പത്ത്, പരിപാടൽ, കലിത്തൊകൈ, അകനാനൂറ്, പുറനാനൂറ് എന്നിവയാണ്. തൊകൈ എന്നാൽ സമാഹാരം എന്നർത്ഥം.

1 ഈ ഖണ്ഡികയക്ക് ഉചിതമായ ഒരു ശീർഷകം നൽകുക.

2 തൊകൈ എന്ന പദത്തിന്റെ അർത്ഥം എഴുതുക.

3 ഇടൈ സംഘത്തിന്റെ ആസ്ഥാനം എവിടെയായിരുന്നു ?

4 സംഘം കൃതികൾകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

5 ആരുടെ വ്യാഖ്യാനത്തിൽ നിന്നാണ് സംഘംകൃതികളെക്കുറിച്ചുള്ള പ്രാഥമിക ധാരണ ലഭിക്കുന്നത് ?

(5 × 1 = 5 marks)

Turn over

II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക :

(a) ഡിജിറ്റൽ സാക്ഷരത. (b) വായനയാണ് ലഹരി

(1 × 10 = 10 marks)

III. പരിസ്ഥിതി സംരക്ഷണത്തെ മുൻനിർത്തി ഒരു ഉപന്യാസം തയ്യാറാക്കുക

(1 × 10 = 10 marks)

## ബി വിഭാഗം

IV. പിരിച്ചെഴുതുക :

(a) വിദ്യുച്ഛക്തി

(b) നിങ്ങൾ

(c) നെന്മണി

(d) തണ്ടാർ

(e) നിങ്ങൾ

(5 × 1 = 5 marks)

V. ശരിയായ പദം തെരഞ്ഞെടുത്തെഴുതുക :

(a) അദ്യാപകൻ - അധ്യാപകൻ.

(b) ആദ്യവസാനം - ആദ്യാവസാനം.

(c) ആവൃത്തിക്കുക - ആവർത്തിക്കുക.

(3 × 1 = 3 marks)

VI. വിപരീത പദമെഴുതുക :

(a) ഇഹം

(b) അമരം

(c) സുലഭം

(3 × 1 = 3 marks)

VII. പര്യായം എഴുതുക :

(a) വഴി (b) പൂവ്

(2 × 2 = 4 marks)

VIII. ഒറ്റ വാക്ക് എഴുതുക :

(a) ഋഷിയെ സംബന്ധിച്ചത്

(b) ലംഘിക്കാൻ പറ്റാത്തത്

(2 × 1 = 2 marks)

IX. നാനാർത്ഥം എഴുതുക :

(a) സിന്ധു.

(b) അന്നം.

(2 × 2 = 4 marks)

X. അർത്ഥവ്യത്യാസം എടുത്തെഴുതുക :

(a) പാഠം - പീഠം.

(b) അർത്ഥം - അർദ്ധം.

(2 × 2 = 4 marks)

**സി വിഭാഗം**

ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക.

(a) ആധുനിക കവിത്രയത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.

(b) പിതാമഹൻ എന്ന നോവലിലെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.

(c) കെ.ടി. മുഹമദിന്റെ നാടകങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക.

(d) മനുഷ്യപുത്രി എന്ന ചെറുകഥയുടെ സമകാല പ്രസക്തി ചർച്ചചെയ്യുക.

(e) എസ്.കെ. പൊറ്റക്കാട്ടിന്റെ യാത്രാവിരണങ്ങളുടെ രചനാപരമായ പ്രത്യേകതകൾ വിവരിക്കുക.

(f) എം.പി. പോളിന്റെ ചെറുകഥാപ്രസ്ഥാനത്തെ പരിചയപ്പെടുത്തുക.

(g) 'മലയാളത്തിന്റെ ഉപനിഷത്താണ് പ്രേമസംഗീതം'—അഭിപ്രായം എഴുതുക.

(h) നവോത്ഥാന ആശയങ്ങളാണ് കുമാരനാശാന്റെ കവിതകളുടെ പ്രത്യേകത—വിശദമാക്കുക.

(5 × 5 = 25 marks)